
സപര്യ

## ആശംസകൾ........



പ്രിയരേ,

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ രൂപീകൃതമായ ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബുകൾ രൂപീകരിക്കാൻ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എജ്യൂകേഷൻ(KITE) അംഗീകാരം നൽകി. ഇതിൽ ധാരാളം പ്രവർത്തനങ്ങൾ ഉള്ളടങ്ങിയിട്ടുണ്ട് . മൊബൈൽ ആപ്പ് നിർമ്മാണം, പ്രോഗ്രാമിങ് ,റോബോട്ടിക്സ്, ഇ-ഗവേണൻസ്, വെബ് ടിവി തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പ്രത്യേകം വൈദഗ്ധ്യം നൽകുന്നു. കുട്ടികൾക്കുള്ള പരിശീലനങ്ങൾക്ക് പുറമേ വിദഗ്ധരുടെ ക്യാമ്പുകൾ ,ക്ലാസുകൾ എന്നിവയും സംഘടിപ്പിക്കുന്നു. സ്കൂളുകളിലെ ഹാർഡ് വെയർ പരിപാലനം, രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ സാക്ഷരത ,ഭിന്നശേഷിക്കാർക്കുള്ള പ്രത്യേകപരിശീലനം ,പൊതുജനങ്ങൾക്ക് സ്വതന്ത്ര സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്തു നൽകൽ എന്നിങ്ങനെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഈ മേഖലയിൽ പെടുന്നു .

ഐടി വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വിദ്യാരംഗം സാഹിത്യ ക്ലബ്ബും ലിറ്റിൽ കൈറ്റ്സ് ക്ലബ്ബും ചേർന്ന് ഒരുക്കുന്ന "സപര്യ" മാഗസിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു

ഹേമലത.കെ.ബി
ഹെഡ് മിസ്ട്രസ്

ആശംസകൾ........



നമ്മുടെ കുട്ടികളിലെ സാഹിത്യ വാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന വിദ്യാരംഗം കലാസാഹിത്യ വേദിക്കും പുതിയ കാലഘട്ടത്തിൻറെ സാങ്കേതികവിദ്യയിൽ നമ്മുടെ കുട്ടികളെ നൈപുണ്യമുള്ളവർ ആക്കിത്തീർക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനും ഈ സംരംഭം സമ്പന്നമാക്കുവാൻ സഹായിച്ചവർക്കും ഇതിന് വഴിതെളിച്ച വർക്കും എല്ലാം ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. അതോടൊപ്പം ഈ ഉദ്യമത്തിന് സർവ്വവിധമായ ആശംസകളും നേർന്നുകൊള്ളുന്നു..

**റഷീദ് വട്ടപ്പറമ്പൻ**
**പ്രിൻസിപ്പൽ**

ആശംസകൾ........



സർക്കാരിന്റെ ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന ലിറ്റിൽ കൈറ്റ്സ് പദ്ധതി- പാഠപുസ്തകത്തിനും അപ്പുറം ഡിജിറ്റൽ ലോകത്തേക്ക് കുട്ടികളെ നയിക്കുക എന്ന അതി നൂതനവും പ്രോത്സാഹനാത്മകവും ആണ്. ലിറ്റിൽ കൈറ്റ്സ്ന്റെ ഭാഗമായി വിവിഎം ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികൾ ഡിസൈൻ ചെയ്യുന്ന ഈ ഡിജിറ്റൽ മാഗസിൻ, പേനയും പുസ്തകത്താളുകൾക്കും അപ്പുറം വിദ്യാഭ്യാസമേഖലയുടെ കുതി- പ്പിനൊപ്പം ഓടാൻ നമ്മുടെ വിദ്യാർത്ഥികൾ സജ്ജരായി എന്നറിഞ്ഞതിൽ നിറഞ്ഞ സന്തോഷവും അഭിമാനവുമുണ്ട്. ഈ മാഗസിൻ മാറ്റത്തിന്റെ ധ്വനി ആയി, മാറുന്ന ലോകത്തിൻറെ പ്രതിഭയായി, ഇന്നിൻറെ ഡിജിറ്റൽ വിപ്ലവത്തിൽ സ്ഥാനം പിടിക്കട്ടെ ഈ സംരംഭത്തിന് നേരുന്നു സർവ്വ വിധ ആശംസകളും

**ബഷീർ ചോലയിൽ**
**മാനേജർ**

***ആശംസകൾ……***



മാറാക്കര വി വി എം ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാരംഗം സാഹിത്യ സമാജവും ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്ബും സംയുക്തമായി സംഘടിപ്പിക്കുന്ന "സപര്യ" ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

കുട്ടികളുടെ സർഗ രചനകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാനും പരിപോഷിപ്പിക്കുവാനും ശ്രമിക്കുന്ന ഇത്തരം സംരംഭങ്ങൾ തുടർന്നും ഉണ്ടാകട്ടെ എന്ന ഹൃദയംനിറഞ്ഞ ആശംസിക്കുന്നു.

അൻവർ സാദത്ത്.പി
പി ടി എ പ്രസിഡന്റ്

# ഉള്ളടക്കം


| ക്രമ നമ്പർ | കൃതി | പേജ് നമ്പർ |
|---|---|---|
| 1 | കാത്തിരിപ്പ് | 5 |
| 2 | കാലത്തിന്റെ വിശപ്പ് | 6 |
| 3 | മലമുകളിലൂടെ തുഞ്ചന്റെ മണ്ണിലേക്ക് | 9 |
| 4 | ഓർമ്മ | 12 |
| 5 | മലയാള ഭാഷയുടെ മാഹാത്മ്യം | 14 |
| 6 | MY LOVELY FLOWER | 21 |
| 7 | വർണ്ണക്കാഴ്ചകൾ | 22 |
| 8 | മഴനോവുകൾ | |
| 9 | പ്രളയവും കേരളവും | |
| 10 | അശാന്തിയുടെ വേനലിനെ കുളിർക്കുന്ന മഴ | |
| 11 | ഞാൻ | |
| 12 | കാത്തിരുപ്പ് | |
| 13 | മഴ | |
| 14 | സാമൂഹ്യ മാധ്യമങ്ങളുടെ കാണാപ്പുറങ്ങൾ | |
| 15 | സഹപാഠി | |
| 16 | ഊർജ്ജസംരക്ഷണവും ഉപഭോഗവും | |
| 17 | Mass Panic Caused By Media | |
| 18 | MARVELLOUS SPRING | |

# കാലത്തിൻറെ വിശപ്പ്

## ചെറുകഥ

"ചേച്ചി..... വിശക്കുന്നു...." മിന്നു ചിണുങ്ങാൻ തുടങ്ങി അവൾ ആലോചിക്കുകയായിരുന്നു .ഒരുപാട് ...ഭൂമിയുടെ മടിയിലേക്ക് ഊർന്നിറങ്ങിയ മുതൽ ഈ നിമിഷം വരെ... ആദ്യമായി മനസ്സ് കലങ്ങിയത് അച്ചൻ ഉപേക്ഷിച്ചപ്പോൾ ആയിരുന്നു. ഇപ്പോഴിതാ അമ്മയും. ഞങ്ങളെ ഈ വഴിയോരത്ത് വലിച്ചെറിഞ്ഞു കണ്ണെത്താ ദൂരത്തേക്ക് പോയി അവർ .നിരവധി ചോദ്യങ്ങളും ഉത്തരങ്ങളും അവളിലൂടെ ഒളിച്ചു കളിച്ചു ."നീയിപ്പം ഉറങ്ങ് മിന്നു എന്നാൽ ഞാൻ നോക്കിയിട്ട് വരാം" നീ കിടന്നോ" അവളെ എങ്ങനെയൊക്കെയോ ആശ്വസിപ്പിച്ച് എഴുന്നേറ്റു .ഇങ്ങനെ ഇരുന്നാൽ മതിയോ അവൾ കടത്തിണ്ണയിൽ നിന്നിറങ്ങി നിന്നവളെ നോക്കി. ഉറക്കം അവളെ കൂട്ടുപിടിച്ചിരിക്കുന്നു അവൾ നടക്കാൻ തുടങ്ങി .തണുത്തകാറ്റ് അവളെ തഴുകി. എൽഇഡി ബൾബുകൾ വെളിച്ചം വാരിവിതറുന്ന ഒരു വീടിനുമുന്നിൽ അവൾ എത്തി .കൂറ്റൻ ഗേറ്റ് തുറന്നതും തടിച്ച ഒരു സ്ത്രീ പുറത്തേക്ക് ഇറങ്ങിവന്നതും ഒരുമിച്ചായിരുന്നു." അമ്മേ നല്ല വിശപ്പുണ്ട് കുറച്ചു ചോറ്..." മുഴുവനാക്കുന്നതിനു മുൻപ് പ്രൗഢഗംഭീര ശബ്ദം ആക്രോശിച്ചു "പോടീ.. വല്ലോർക്കും വച്ചു വിളമ്പലല്ല എൻറെ ജോലി "പിന്നെ അവൾ അവിടെ നിന്നില്ല. അടുത്തുകണ്ട രണ്ടു വീടുകളിൽ കൂടി കയറി .അവിടെയും സമാനമായ അവസ്ഥ .അവൾക്ക് വല്ലാത്ത നിരാശ തോന്നി. തിരിഞ്ഞു നടന്നു ഇവർ എത്ര ഭക്ഷണം പാഴാക്കുന്നുണ്ടാവണം ?അതിൽ ഒരുപിടി തന്നുകൂടെ? ഉത്തരമില്ലാത്ത നിരവധി ചോദ്യങ്ങൾ അവളുടെ മനസ്സിലേക്ക് കടന്നുവന്നു. മാനത്ത് അമ്പിളിമാമൻ നിസ്സഹായതയോടെ അവളെ നോക്കി."മനുഷ്യത്വം എന്ന പറഞ്ഞ വികാരം ഇവിടെ ആർക്കുമില്ല അല്ലേ ?"അവൾ സ്വയം ചോദിച്ചു. പക്ഷേ അതിനു മറുപടി തന്നത് പ്രകൃതിയായിരുന്നു. കാറ്റ് അവളെ തലോടി ആശ്വസിപ്പിച്ചു മരങ്ങൾ അവളെ താലോലിച്ചു. അമ്പിളിമാമൻ കൂടുതൽ നിലാവേകി. പണ്ടേതോ കവി പാടിയ വരികൾ അവളുടെ മനസ്സിൽ ഒഴുകിയെത്തി പാമ്പുകൾക്ക് മാളമുണ്ട്..... പറവകൾക്ക് ആകാശമുണ്ട് മനുഷ്യപുത്രന് തലചായ്ക്കാൻ മണ്ണിലിടമില്ല... അവൾ പതുക്കെ കടത്തിണ്ണയിൽ ഇരുന്നു. മിന്നുവിനെ നോക്കി. അവൾ ഉറക്കത്തിലായിരുന്നു വിശന്നിട്ടു വയ്യാതായിരിക്കുന്നു. ഒന്നു കണ്ണടച്ചു. ആ കിടാങ്ങളുടെ അവസ്ഥ കണ്ടിട്ടെന്നോണം മരങ്ങൾ ഇല പൊഴിച്ച് അവരെ പുതപ്പിച്ചു. കാറ്റ് അവരെ മെല്ലെ തലോടി. അമ്പിളിമാമൻ കൺതുറന്നു. ഓരോ ദിനവും ഓരോ പ്രതീക്ഷയാണ് പക്ഷേ അന്ന് സൂര്യൻ കൺതുറന്നത് ഒരു ദുഃഖ വാർത്തയുമായാണ് . വിശന്നു മരിച്ച 2 പിഞ്ചുകുഞ്ഞുങ്ങളുടെ കഥകേട്ടാണ് ലോകം ഉണർന്നത്.ആ നിമിഷം എല്ലാവരും തലതാഴ്ത്തി. നാളെയുടെ പൂക്കളെ നുള്ളിക്കളഞ്ഞവരാണ് തങ്ങൾ എന്ന ബോധം എല്ലാവരിലും ഉണർന്നു. ഒപ്പം പശ്ചാത്താപവും. താൻ കളയുന്ന ഒരുപിടി ചോറ് ഉണ്ടായിരുന്നെങ്കിൽ ആ പൂമൊട്ടുകളെ മരണത്തിൽനിന്ന് രക്ഷിക്കാമായിരുന്നു......

അഥീന.എസ്

മലമുകളിലൂടെ തുഞ്ചന്റെ മണ്ണിലേക്ക്

യാത്റാ വിവരണം

2018 ഒക്ടോബർ 13 ശനിയാഴ്ച രാവിലെ മലയാള സാഹിത്യ സമാജത്തിന്റെ ആഭിമുഖ്യത്തിൽ രായിരനെല്ലൂർ  മലയിലേക്കും തുഞ്ചൻ പറമ്പിലേക്കും യാത്ര തിരിച്ചു .ആടിയും പാടിയും പുതിയ അനുഭൂതികൾ നുണഞ്ഞ് കൊണ്ടായിരുന്നു യാത്ര. രായിരനെല്ലൂർ മലയിലേക്കുള്ള ചവിട്ടുപടികൾ ഒരു വലിയ ചോദ്യചിഹ്നമായി മുന്നിൽ നിന്നെങ്കിലും മലമുകളിലെ മനോഹാരിതയും മറ്റും ഊർജ്ജമാക്കി ഞങ്ങൾ മുന്നോട്ട് നടന്നുകൊണ്ടിരുന്നു. പ്രകൃതിയുടെ മനോഹരമായ സൃഷ്ടികളെ കണ്ടറിഞ്ഞ് ഞങ്ങൾ അധ്യാപകർക്കൊപ്പം മലമുകളിലേക്ക് നടന്നു .പടികൾ കയറി മുകളിലെത്തുമ്പോൾ ഞങ്ങളുടെ വെള്ളക്കുപ്പികൾ കാലിയായിക്കൊണ്ടിരുന്നു. മഴയുടെ ലാഞ്ഛന വിട്ടുനിന്ന പ്രഭാതം ഞങ്ങൾക്ക് പുതിയ വെളിച്ചം നൽകുകയായിരുന്നു എന്നുവേണം കരുതാൻ .

മലകയറുമ്പോൾ ഉണ്ടായ വിഷമങ്ങൾ മറന്ന് മലമുകളിൽ എത്തുമ്പോൾ വിസ്മയത്തിന്റെ, അറിവിന്റെ, പുതിയ ചക്രവാളത്തിൽ ആയിരുന്നു ഞങ്ങൾ. നാറാണത്തു ഭ്രാന്തന്റെ , തറ കെട്ടിയ ആൽമരങ്ങളും, തല ഉയർത്തിനിൽക്കുന്ന പഴമയുടെ ക്ഷേത്രവും പച്ചപുതച്ച
താഴ് വാരങ്ങളും മനോഹരമായ ദൃശ്യ വിസ്മയങ്ങളായി. മലയാളം അധ്യാപകരായ ജ്യോതി സാറും, അപ്പു സാറും പകർന്നുതന്ന ഐതിഹ്യകഥകൾ പുതിയ അനുഭവമായിരുന്നു .ജീവിത ക്ലേശത്തിന്റെ കല്ലുരുട്ടി കയറ്റി താഴേക്കിട്ട് രസിക്കുന്ന നാറാണത്തുഭ്രാന്തന്റെ ചിത്രം മനസ്സിൽ വരച്ചെടുക്കാൻ ഞങ്ങളുടെ അധ്യാപകർക്ക് സാധിച്ചു. ഒപ്പം പുതിയ മനുഷ്യന്റെ സ്വാർത്ഥതയും ചിന്താവിഷയമായി.

നിളാനദിയുടെ വിശ്രമ കേന്ദ്രത്തിലേക്ക് ആയിരുന്നു അടുത്ത യാത്ര .മണൽപരപ്പിൽ കണ്ണുനീർ ചാലുകൾ പോലെ മെലിഞ്ഞ പുഴ കണ്ടപ്പോൾ പ്രളയകാലത്തെ പുഴയുടെ ചിത്രങ്ങൾ മനസ്സിൽ തെളിഞ്ഞുനിന്നു. ഉച്ചഭക്ഷണത്തിനുശേഷം മലയാളത്തിന്റെ ഭാഷാപിതാവിന്റെ മണ്ണിലേക്ക് ആയിരുന്നു യാത്ര.

തുഞ്ചൻപറമ്പിലെ കുളവും എഴുത്തോലകളും ശാരികപ്പൈതലിനെയും കണ്ട് കൈക്കാത്ത കാഞ്ഞിര മരത്തിന് ചുവടെ മലയാളം ചൊല്ലി പറഞ്ഞ " മ്യൂസിയത്തിലേക്ക്. മ്യൂസിയത്തിൽ ഞങ്ങളെ എതിരേറ്റ ഗൈഡിന്റെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം വിളിച്ചുപറഞ്ഞ് ഞങ്ങൾ ശ്രദ്ധാ കേന്ദ്രങ്ങളായി മാറുകയായിരുന്നു. വള്ളത്തോളിനെ കുറിച്ചുള്ള ഡോക്യുമെന്ററി കണ്ടിറങ്ങുമ്പോൾ
" മണിനാദം പോലെ മധുരം നമ്മുടെ
മലനാട്ടിൻ മൊഴി മലയാളം "എന്ന " അറിയാതെ മൂളിപ്പോയി.
അനുഭവങ്ങളുടെ [illegible] കാഴ്ചകൾ സമ്മാനിച്ച പ്രിയ ഗുരുക്കന്മാർക്കും സാഹിത്യ [illegible]നും നന്ദി പറഞ്ഞുകൊണ്ട്.........

സന എസ് ഖാൻ

8 ബി

## ഓർമ്മ
### കവിത

ഓർക്കുന്നു ഞാനെന്റെ ജീവിതത്തെ
ഓർമ്മകൾ തന്നൊരു ജീവിതത്തെ
കാറ്റിന്റെ രാഗത്തിൽ നൃത്തം ചെയ്യുന്ന
മരങ്ങൾക്കുമുണ്ടൊരു ജീവിതമാമോർമ
ഓർമ്മകൾ തന്നൊര ാ മാധുര്യ നിമിഷങ്ങൾ
ഇനി ഓർക്കുവാൻ മാത്രം കഴിയുമോ നിമിഷങ്ങൾ
ഇനിയൊരു ജന്മവും കിട്ടില്ലെന്നറിയുന്നു
ഞാനെന്റെ ഓർമ്മയിൽ ഓർത്തെടുക്കും
കുയിലിന്റെ പാട്ടും മയിലിന്റെ നൃത്തവും
എന്റെയാ കൊച്ചു കുസൃതികളും
ഇനി ഓർത്തെടുക്കാൻ കഴിയുന്ന ഓർമ്മകൾ മാത്രം
പാറിപറന്നൊരു കുട്ടിയായ് ജന്മം
കടലിന്റെ സാഗര നീലിമ പാടുന്ന
തിരകൾക്കുമുണ്ടൊരു ഓർമ
ഇനിയെന്റെ ജീവിതം ഓർമയായി ഒഴുകുന്ന അരുവി
ഓർക്കുവാൻ കഴിയുന്ന ഓർമ്മകൾ
ഇനിയൊരു അരുവിയായ് ഒഴുകുകില്ലേ

ആദിത്യ.പി.പി
8 ജി



# MY LOVELY FLOWER

poem

OH FLOWER
YOU ARE SO BEAUTIFUL
YOU ARE SO WARM
YOU ARE SO AFFECTIONATE
AND SO COOL YOU ARE

YOU GAVE LOT OF PROMISES
AND A LOT OF EXPECTATIONS
WHICH MAKE ME LIVE AND MAKE THE WORLD ALIVE
YOU GAVE A LT O PROMISES UNASKED
YOU GAVE ME LOVE UNCONDITIONED
BUT ALSO
YOU ARE SO DULL TODAY


മഴനോവുകൾ
കവിത
തുലാവർഷം വരവേൽപ്പാനിരിക്കുന്നോരോ
മനസ്സും പേടിയാം വലയത്തിൽ
അകം പൂഴ്ത്തിടുമെന്നും
എന്നിട്ടും കരയാതെത്ര ചിലർ
മഴയേ നെഞ്ചോടു ചേർത്തിടുന്നു.
ഈറപ്പാത്തിയിലെയാ
മഴ മേള ശബ്ദം കേൾക്കാൻ
ചിലർ ഇരുചെവി കൂർപ്പിച്ച് ഇരിക്കും.
രാജാവിൻറെ പടയാളികൾ എന്നമട്ടിൽ
ഇടിയും മിന്നലും യുദ്ധം ചെയ്തിടുന്നു
എന്നിട്ടും ആ ഇറയത്ത് ഒന്ന് ചെന്ന് നിന്ന്
മഴവെള്ളം തെറിപ്പിക്കുവാൻ മോഹം
ഇടയ്ക്കൊരോ മോഹമുള്ളൂ
എൻ കരത്തിൽ ആ കറുമ്പി കാറിൻറെ
കണ്ണീർ ഒന്നു വീഴണം!
ആ ഓർമ്മ മനസ്സിനെ കുളിർ
കൊള്ളിപ്പിക്കുമെന്നും.
നീനു കൃഷ്ണ കെ

# പ്രളയവും കേരളവും

കുറച്ചുനാളുകൾക്ക് മുൻപ് കേരളം കണ്ട ഏറ്റവും വലിയ ദുരന്തമായിരുന്നു പ്രളയം. ശക്തമായ മഴയിലും കാറ്റിലും ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും കേരളത്തിലെ പല റോഡുകളും കെട്ടിടങ്ങളും തകർന്നു. കൂടാതെ കുറേ നിരപരാധികളായ മനുഷ്യർ പ്രളയത്തിന് ഇരയായി നിരവധി ജന്തുജാലങ്ങൾ ചത്തൊടുങ്ങി. പരിഭ്രമിച്ച കേരള ജനത, പക്ഷേ എവിടെനിന്നോ വന്ന  കുറച്ച് മനുഷ്യർ കേരള ജനതയെ അവശതയിൽ നിന്നും കരുത്തിലേക്കും ആത്മ വിശ്വാസത്തിലേക്കും നയിച്ചു .പിന്നെ താമസിച്ചില്ല അവർ പ്രകൃതിയുടെ ദുരന്തത്തിനെതിരെ പൊരുതാൻ തന്നെ തീരുമാനിച്ചു. .കേരളത്തിലെ അഭിമാന്യരായ ജനങ്ങൾ ബോട്ടുകളും സുരക്ഷാസംവിധാനങ്ങളും ആയി  നിരന്നു .നിരവധി ഇടങ്ങളിൽ കാൽമുട്ടോളം അല്ലെങ്കിൽ കഴുത്തോളം വെള്ളം ഉയരുകയും വെള്ളത്തിന്റെ തീവ്രതയിൽ മരണത്തെ മുഖാമുഖം കാണുകയും ചെയ്തു. മരണത്തോട് മുഖം നോക്കിയിരിക്കുന്ന  നിരവധിപേരെ രക്ഷിക്കുവാൻ സാധിച്ചു. കേന്ദ്രം കേരളത്തോട് മുഖം തിരിച്ചെങ്കിലും നമ്മൾ അതിനൊന്നും കാത്തിരുന്നില്ല. ടിവി ചാനലുകൾക്ക് ആഘോഷമായി പ്രളയം വന്നു. പല ഡാമുകളും തുറന്നു .ഇടുക്കി ഡാം 27 വർഷങ്ങൾക്കുശേഷം ആണ് തുറക്കപ്പെടുന്നത്. ഇത് വെള്ളത്തിന്റെ തീവ്രതകൂ ട്ടി. തകർന്നു തരിപ്പണമായി കാണാമായിരുന്നു കേരളം. ദൈവത്തിൻറെ മാലാഖമാർ എന്നപോലെ മത്സ്യതൊഴിലാളികളും കർഷകരും വിവിധ മേഖലകളിൽനിന്നും ജനങ്ങളുടെ സഹായഹസ്തങ്ങൾ വന്നില്ലായിരുന്നെങ്കിൽ ഈ അവസ്ഥ ഭീകരമായിരുന്നു .മരണസംഖ്യ ആയിരത്തോളം ആകുമായിരുന്നു. കേന്ദ്രം അയച്ച നാവികസേന ജനങ്ങളുടെ കഠിനാധ്വാനത്തിനു മുൻപിൽ ഒന്നുമല്ലായിരുന്നു. അവരില്ലായിരുന്നെങ്കിൽ പിഞ്ചു കുഞ്ഞുങ്ങളടക്കം നിരവധിപേർ മരണത്തിനു കീഴടങ്ങേണ്ടി വരുമായിരുന്നു. ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് എല്ലാം നഷ്ടപ്പെട്ട ജീവനുംകൊണ്ട് ഓടിയ കുറേ മനുഷ്യജീവിതങ്ങളെ കാണാമായിരുന്നു. അവരെ സ്വീകരിക്കുകയും അവശ്യസാധനങ്ങൾ നൽകി പരിപാലിക്കുകയും ചെയ്തു കേരള ജനത. അങ്ങിനെയാണ്, പൊതുവായ  ഒരു പ്രശ്നം വന്ന് ജനങ്ങൾ ബുദ്ധിമുട്ടിയാൽ അവർ നോക്കി നിൽക്കില്ല .അവർ എല്ലാ ദിവസത്തെയും പോലെ ട്രോൾ ഇറക്കാനും കളിയാക്കാനും നിന്നില്ല. പകരം കേരള ജനത ഒരുമിച്ച് ദുരന്ത പ്രളയത്തെ അല്ലെങ്കിൽ ദൈവത്തിൻറെ പരീക്ഷണത്തെ തോൽപ്പിച്ചിരിക്കുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പണം ഒഴുകിയെത്തി. അഭിമാനിക്കാം ദൈവത്തിൻറെ സ്വന്തം നാട്ടിൽ ജനിച്ചതിൽ ഈ തിരുത്തിയെഴുതി കേരളം. കാരണം ജാതിയും മതവും പ്രളയത്തെ നേരിട്ടതിൽ മറ്റു സംസ്ഥാനങ്ങൾക്കും രാജ്യങ്ങൾക്കും ഈ  ലോകത്തിനുതന്നെ മാതൃക ആയി.കേരളത്തെ ഭ്രാന്താലയമെന്നു പറഞ്ഞ  സ്വാമി വിവേകാനന്ദന്റെ  വാക്കുകളെ നോക്കാതെയായിരുന്നു നമ്മൾ മറ്റുള്ളവരെ സഹായിച്ചത്. കേരളമെന്ന ഈ നാട്ടിൽ എനിക്ക് ജനിക്കാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു .

സൻഹ .പി .പി
8ബി



ഞാൻ

കവിത

ഒരിക്കൽ ഞാൻ പിടിക്കപ്പെട്ടു.
ഞാനൊരുപാട് ബഹുമാനിക്കുന്നവരുടെ മുന്നിൽ
അന്നു പക്ഷേ ഞാനായിരുന്നില്ല കുറ്റക്കാരി
ഞാൻ വെറും ഇടനിലക്കാരി മാത്രം
എന്നാൽ,
കാലങ്ങൾക്കു ശേഷം ഇന്നു ഞാൻ പിടിക്കപ്പെട്ടു
മേൽ പറഞ്ഞവർക്ക് മുന്നിൽ
ഇപ്പോൾ കുറ്റക്കാരി ഞാൻ തന്നെ
ഇന്നോ എനിക്കൊരിടനിലക്കാരുമില്ല
തീവ്രവാദമോ മാവോയിസമോ എനിക്കറിയില്ല
അക്രമവും അനീതിയും ഞാൻ ചെയ്യാറില്ല സ്നേഹമല്ലാതെ.
എന്നാൽ ഇന്ന്,
തീവ്രവാദിയേക്കാൾ ,മാവോയിസ്റ്റുകളേക്കാൾ
നാണക്കേടിലാണ് ഞാനിപ്പോൾ
അവരേക്കാളേറെ കുറ്റക്കാരിയാണ് ഞാനിന്ന്.

ഷഹന. എ

9 . സി



ഇന്നീ മഴയത്ത് ഞാനൊറ്റയ്ക്ക് നിൽക്കവേ
ഈ മഴത്തുള്ളിപോൽ
എന്നെ പൊള്ളിക്കുന്നു
ഈ കാറ്റെന്നെ തലോടുന്നു
ഈ മഴയെന്നെ പ്രണയിക്കുന്നു
ഈ മഴത്തുള്ളിയിൽ പതിഞ്ഞ,
നിൻ സ്വരം
ഈ കാറ്റിന്നടർത്തുന്ന പോൽ
അന്നാ മഴയത്ത് നാം രണ്ടും
ഒന്നായോർമ്മകൾ പങ്കിട്ടതും
ഇന്നീ മഴയത്ത് നീയെന്നെ ഒറ്റപ്പെടുത്തുന്നതും
ഈ മഴയുടെ ഗന്ധം ഞാനറിയുന്നില്ല
ഈ മഴ പാട്ട് ഞാൻ കേൾക്കുന്നില്ല
ഈ മഴ പോലും എന്നെ നോവിക്കുന്നു
ഈ വെള്ളത്തുള്ളികൾ എൻറെ
കണ്ണിൽനിന്നൊഴുകുന്ന പോൽ,
ചോരയായ്
ഞാനീ മഴയെ സ്നേഹിച്ചിരുന്നു അന്ന്
നീയെൻറെ നിഴലിൽ പോലും ഉണ്ടായിരുന്ന അന്ന്
അന്നാ മഴയെന്നെ സ്നേഹിച്ചിരുന്നു
എന്നെ പുണർന്നിരുന്നു
ഇന്നീ മഴയെന്നെ നോവിക്കുന്നു
ഈ മഴ നോവെന്നെ പ്രേരിപ്പിക്കുന്നു
നിന്നെ കൂടുതലറിയാൻ
നിന്നിലലിയാൻ
അന്നാ മഴയത്ത്
നിൻ വിരൽ തുമ്പിൽ പിടിച്ച്
വഴിയോരത്ത് ഞാൻ അലയവേ
മഴ മെയിലായി പോയതും
കാറ്റിൻ ഗന്ധം നഷ്ടപ്പെട്ടതും
നിന്നെ ഞാൻ ചുംബിക്കവെ
വെയിൽ മഴയായ് വന്നതും
നമ്മെ പുണർന്നതും
നീ മറന്നുവോ ,സ്നേഹിതാ.........
ഇന്ന് നീയില്ലാത്ത ഈ മഴ
ഒരു നോവായെന്നെ തലോടുന്നു
ഈ മഴത്തുള്ളികൾ എൻറെ[illegible]റിയെ
മനസ്സിനെ കത്തിയാളിക്കുന്നു
അന്ന് നീ പറഞ്ഞ വാക്കുകൾ
മഴയായെന്നെ പുണരുമ്പോൾ
ഈ മഴത്തുള്ളികൾ എൻ കണ്ണിൽ നിന്ന് ഒഴുകുന്നു ,
ധാരയായ്
ഞാനീ മഴയായ് നിന്നരികിൽ വന്നാൽ
ഈ നോവാം മഴ
നിന്നെ പ്രണയിക്കില്ല
ഈ നോവാം മഴയെ നീ ശപിക്കരുത്
കാരണം ഈ മഴ നിന്നെ സ്നേഹിച്ചിരുന്നു
കാലമേ ,മായവേ പോയി മറയവേ
ഈ മഴയും നിന്നെപ്പോലെ
ഈ മഴയെന്നെ കുത്തിനോവിക്കുന്നു
അതെന്നെ വാളാൽ കുത്തി മലർത്തിടവെ
മഴത്തുള്ളിപോൽ, രക്തം വാർന്നൊഴുകുന്നു
നാളെ ഞാനീ മഴയായി നിന്നെ സ്നേഹിക്കും
പ്രിയാ.....
കാരണം നീയല്ല ഞാൻ
ഈ പേമാരി ഞാനാകവേ
ഈ മഴത്തുള്ളികൾ നിന്നെ സ്പർശിക്കും,
ചുംബിക്കും, ഞാനെന്ന പോൽ
അന്നു നീ കരയരുതേ
ഈ മഴയൊരു വേദനയാണെന്ന്......
ഈ മഴ നിന്നെ അത്രമേൽ സ്നേഹിക്കുന്നു
പ്രണയിക്കുന്നു

## സാമൂഹ്യ മാധ്യമങ്ങളുടെ കാണാപ്പുറങ്ങൾ

### ഉപന്യാസം

ഇന്നത്തെ നമ്മുടെ സമൂഹം വളരെയധികം ആശ്രയിക്കുന്ന ഒന്നാണ് സാമൂഹ്യ മാധ്യമങ്ങൾ .ഇന്നത്തെ ആധുനിക സമൂഹത്തിൽ ഒഴിച്ചുകൂടാനാവാത്ത ഘടകമാണ് സാമൂഹ്യ മാധ്യമങ്ങൾ. എന്നാൽ ഇവയുടെ ഉപയോഗം ഇന്നത്തെ തലമുറ ആവശ്യത്തിനും അനാവശ്യത്തിനും ഉപയോഗിക്കുന്നുണ്ട്. ആവശ്യത്തേക്കാൾ കൂടുതൽ ഒരുപക്ഷേ അനാവശ്യത്തിന് എന്നുപറയാം. സമൂഹത്തിന്റെ വേരുകളായ നമ്മുടെ വിദ്യാർത്ഥികളെല്ലാം വഴിതെറ്റുന്നതും സാമൂഹ്യ മാധ്യമങ്ങളിലൂടെ തന്നെ. പഠനകാര്യത്തിന് ഉപരിയായി അനാവശ്യമായ 'സോഷ്യൽ മീഡിയ' ഉപയോഗങ്ങൾ തെറ്റായ പ്രവണതയിലേക്ക് നയിക്കുകയും അവരുടെ പഠനത്തെ തന്നെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. വാട്സ്ആപ്പ്, ഫെയ്സ്ബുക്ക്, ഷെയർ ചാറ്റ് തുടങ്ങിയ എണ്ണിയാൽ തീരാത്തത്ര സാമൂഹ്യ മാധ്യമങ്ങൾ നമുക്കുചുറ്റുമുണ്ട്.

കാലം മുന്നോട്ടു പോകുംതോറും ഇത്തരം 'സോഷ്യൽ മീഡിയകൾ' വർദ്ധിക്കുകയും നമ്മുടെ സമൂഹത്തിന്റെ നിലനിൽപ്പുതന്നെ മാറിമറിയുകയും ചെയ്യുന്നു. ഇന്ന് ചെറിയ കുട്ടികൾ വരെ സാമൂഹ്യ മധ്യമങ്ങൾക്ക് അടിമകളാണ്. സൂക്ഷ്മമായി നമ്മുടെ സമൂഹം അല്ലെങ്കിൽ ചുറ്റുപാട് നിരീക്ഷിച്ചാൽ അറിയാം ഇവ വരുത്തിയ ഗുണങ്ങളും ദോഷങ്ങളും. ഇന്ന് ഗുണത്തേക്കാളേറെ ദോ ഷ ത്തിലേക്കും നാശത്തിലേക്കും ഇവ വഴിതെളിയിക്കുന്നു . ഇന്ന് ജനിച്ചുവീഴുന്ന ഒരു കുട്ടിയുടെ കയ്യിൽ ആദ്യമെത്തുന്നത് കളിപ്പാവ അല്ല, മറിച്ച് 'സ്മാർട്ട് ഫോണുകളാണ്'. ഇവ ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്നു ഇന്ന് കുടുംബങ്ങളിൽ ഒത്തുകൂടാനും ,പ്രകൃതിയുമായി ഇണങ്ങിച്ചേരാനും ആർക്കും താല്പര്യമില്ല, അല്ലെങ്കിൽ ആരും അതിനു തയ്യാറല്ല. കാരണം നമ്മൾ ബന്ധങ്ങൾ പുതുക്കുന്നത് പോലും സാമൂഹ്യ മാധ്യമങ്ങളെ ആശ്രയിച്ചാണ്.

താളംതെറ്റിയുള്ള സാമൂഹ്യ മാധ്യമങ്ങളുടെ ഉപയോഗം ഈ തലമുറയെ മാത്രമല്ല വരുംതലമുറയെ കൂടി നശിപ്പിക്കുവാൻ ഇടയാകും. സമൂഹത്തിന്റെ പുത്തൻ നാമ്പുകളായ യുവത്വം സോഷ്യൽ മീഡിയകളിൽ അടിമകൾ ആയിരിക്കുകയാണ്. തിരിച്ചറിയാൻപോലും കഴിയാത്ത വിധം സാമൂഹ്യ മാധ്യമങ്ങളിൽ ആഴ്ന്നു പോയി നമ്മുടെ ജീവിതം. മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ ഏറുന്നത് ഒരുപരിധിവരെ ഇവയുടെ അമിത ഉപയോഗം കാരണമാണ് .

എന്നാൽ സാമൂഹ്യ മാധ്യമങ്ങളെ ഉപയോഗപ്രദമായി ,ഫലവത്തായി ഉപയോഗിക്കുവാൻ നമുക്ക് സാധിക്കും .വിദ്യാഭ്യാസ കാര്യങ്ങൾക്കും ,ജോലി ആവശ്യങ്ങൾക്കും, നിത്യജീവിതത്തിലെ , മറ്റൊരുപാട് കാര്യങ്ങൾക്കും പ്രയാസം ഇല്ലാതെയും ,സമയ ലാഭത്തോടെയും ചെയ്യുവാൻ നമ്മെ സഹായിക്കുന്നത് സാമൂഹ്യ മാധ്യമങ്ങൾ തന്നെയാണെന്ന് നമുക്ക് നിസ്സംശയം പറയാം . സാമൂഹ്യ മാധ്യമങ്ങൾ നമ്മുടെ ജീവിതത്തിൽ ചെലുത്തുന്നത് വളരെ വലിയ പങ്കു തന്നെയാണ്. നാം സാമൂഹ്യ മാധ്യമങ്ങളെ ആശ്രയിക്കുമ്പോൾ അവയെക്കുറിച്ച് വ്യക്തമായ ധാരണയും ലക്ഷ്യബോധവും ഉണ്ടെങ്കിൽ സാമൂഹ്യ മാധ്യമങ്ങളെ പോലെ നമുക്ക് സഹായകരമായി മറ്റൊന്ന് ഇല്ലെന്നുതന്നെ പറയാം. ഇവ ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ പോലെയാണ്. ഒരുവശം നന്മയാണെങ്കിൽ മറ്റൊരുവശം തിന്മയും. സാമൂഹ്യ മാധ്യമങ്ങളുടെ അമിത ഉപയോഗവും അശ്രദ്ധമായിട്ടുള്ള കൈകാര്യം ചെയ്യലും കാരണം ഒരുപാട് ജീവൻ പൊലിഞ്ഞിട്ടുണ്ട്. എന്നാൽ ഇതേ മാധ്യമങ്ങൾ കൊണ്ടുതന്നെ ഒരുപാട് ജീവനെ രക്ഷിക്കുവാനും സാധിച്ചിട്ടുണ്ട്. ഇവ നമ്മുടെ കാഴ്ചയ്ക്കും ചിന്തയ്ക്കും അപ്പുറമാണ്. ഇവയുടെ കാണാപ്പുറങ്ങൾ എത്രയോ വലുതാണ്.

സാമൂഹ്യ മാധ്യമങ്ങളെ കാര്യക്ഷമമായി, നല്ലരീതിയിൽ ഉപയോഗിക്കേണ്ടത് നാമോരോരുത്തരുടെയും കടമയാണ്. ഇവയുടെ നന്മ തിന്മകളെക്കുറിച്ച് വ്യക്തമായ ധാരണ നമുക്കുണ്ടായിരിക്കണം. ഇവ കൊണ്ടുണ്ടായേക്കാവുന്ന പ്രശ്നങ്ങളെക്കുറിച്ചും നാം അറിഞ്ഞിരിക്കണം. നല്ലരീതിയിൽ ,ഉപകാരപ്രദമായ രീതിയിൽസാമൂഹ്യ മാധ്യമങ്ങൾളെ മാറ്റുവാൻ സാധിച്ചാൽ മനുഷ്യന് ഇന്ന് ഇത്രത്തോളം നിത്യജീവിതത്തിൽ സഹായകരമായ മറ്റൊന്നില്ല. ജീവിതമെന്നത് സന്തോഷപൂർണ്ണവും സമാധാനപൂർണവും ആകുന്നത് അവനവൻ ചെയ്യുന്ന പ്രവൃത്തിയിലൂടെയാണ്. നല്ലകാര്യങ്ങൾക്ക് വേണ്ടി മാത്രം സാമൂഹ്യ മാധ്യമങ്ങൾ ഉപയോഗപ്പെടുത്തുകയും അതിലൂടെ ജീവിതം നന്മയിലേക്ക് നയിക്കേണ്ടതും ഓരോ പൗരനെന്റെയും ഉത്തരവാദിത്വമാണ്. വർത്തമാനകാലത്തിലെ മാത്രമല്ല ഭാവിയിലേക്ക് കൂടി ഒരു നല്ല സമൂഹത്തെ വാർത്തെടുക്കേണ്ടത് നാം ചെയ്യുന്ന [illegible]

# MARVELLOUS SPRING

poem

*The Spring Comes At The Middle Of The Gear*
*When The Spring Comes To The World We Feel Heavenly*
*The Leaf Are Falling Down Day By Day*
*The flowers are flowering all the people are happy now*
*The earth is covered with the spring gloss*

*That is how the spring announce the coming of spring*
*So many days after the spring is going*
*The snow is coming every one is happy any one is sad too*
*The life is also like this some times be are happy and*
*Some times we are sad but don't fall down be power full*
*Then nob all the people say*
*The marvellous spring has gone!*

Sana. S. Khan
8.B